നാടക കലയുടെ പരിപോഷണത്തിന് നടപടി

17 (*695) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നാടക കലയെ പരിപോഷിപ്പിക്കാനും നാടക പ്രവർത്തകരെ പ്രോത്സാഹിപ്പിക്കാനും സാംസ്കാരിക വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ നാടകവേദിയെ സംബന്ധിച്ച് വിശദപഠനത്തിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് നാടക കൃതികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ ;

(ഡി) ഇന്ത്യയിലെ അമച്വർ നാടക രംഗത്തെ പ്രവണത മനസിലാക്കാൻ ദേശീയ യുവനാടകോത്സവം സംസ്ഥാനത്ത് വീണ്ടും സംഘടിപ്പിക്കാൻ ഉദ്ദേശമുണ്ടോ ;

(ഇ) എങ്കിൽ ഇതര സംസ്ഥാനങ്ങളിലെ യുവാക്കളുടെ നാടക സംഘടനകളെ പങ്കെടുപ്പിച്ചുകൊണ്ട് യുവനാടകോത്സവം സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) 1998-ൽ സർക്കാർ സംഘടിപ്പിച്ച അഖിലേന്ത്യാ സ്ത്രീനാടക പണിപ്പുരകൊണ്ട് കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ജി) ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ പ്രവർത്തിച്ചുവരുന്ന സ്ത്രീ നാടക പ്രവർത്തകരെ ഉൾപ്പെടുത്തി വിപുലമായ രീതിയിൽ സ്ത്രീ നാടക പണിപ്പുര വീണ്ടും സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) സംസ്ഥാനത്തെ നാടക കലയെ പരിപോഷിപ്പിക്കാനും നാടക പ്രവർത്തകരെ പ്രോത്സാഹിപ്പിക്കാനും കേരള സംഗീത നാടക അക്കാഡമി പല പദ്ധതികളും ആവിഷ്കരിച്ചു നടപ്പാക്കി വരുന്നുണ്ട്. അമേച്വർ-പ്രൊഫഷണൽ നാടക മത്സരങ്ങൾ അക്കാഡമി പതിവായി നടത്തിവരുന്നു. നാടകവുമായി ബന്ധപ്പെട്ട് അഭിനയം, സംവിധാനം, ദീപവിതാനം, ചമയം, രംഗോപകരണ നിർമ്മാണം തുടങ്ങിയവ പരിശീലിപ്പിക്കാനുള്ള പണിപ്പുരകളും നടത്തിവരുന്നു. ഈ വർഷം നാഷണൽ സ്കൂൾ ഓഫ് ഡ്രാമയുടെ സഹകരണത്തോടെ മൂന്നാഴ്ച നീണ്ടുനിന്ന നാടക സാങ്കേതിക പണിപ്പുര തൃശ്ശൂരിൽ നടന്നു.

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിൽ ഒരു ബാലനാടകശില്പശാലയും കൊച്ചിയിൽ ദേശീയ നാടകോത്സവവും സംഘടിപ്പിക്കുകയുണ്ടായി. കഴിഞ്ഞ വർഷം തൃശ്ശൂരിൽ സംഘടിപ്പിച്ച സ്ത്രീ നാടക പണിപ്പുര അഖിലേന്ത്യാതലത്തിൽ ശ്രദ്ധിക്കപ്പെടുകയുണ്ടായി.

(ബി) കേരള സംഗീത നാടക അക്കാദമി നാടക വേദിയെ സംബന്ധിച്ച വിശദ പഠനത്തിന് സഹായകമായ വിധത്തിൽ ക്യാമ്പുകളും ചർച്ചാ ക്ലാസ്സുകളും സെമിനാറുകളും പതിവായി സംഘടിപ്പിക്കുന്നുണ്ട്.

(സി) നാടക കൃതികൾക്ക് ദൗർലഭ്യം അനുഭവപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി & ഇ) ഇക്കാര്യം കേരള സംഗീത നാടക അക്കാഡമിയുടെ പരിഗണനയിലുണ്ട്.

(എഫ്) വിലയിരുത്തിയിട്ടുണ്ട്. കേരളത്തിലെ സ്ത്രീ നാടക പ്രവർത്തകർക്ക് വലിയ ആവേശവും പ്രചോദനവും നൽകിയ പരിപാടിയായിരുന്നു.

(ജി) സ്ത്രീ നാടക പണിപ്പുര വീണ്ടും സംഘടിപ്പിക്കുന്ന കാര്യം കേരള സംഗീത നാടക അക്കാഡമിയുടെ പരിഗണനയിലുണ്ട്.

സർവകലാശാലകളുടെ പ്രവർത്തനം പഠിക്കുന്നതിന് കമ്മീഷൻ

18 (*696) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവകലാശാലകളുടെ പ്രവർത്തനത്തെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കമ്മീഷൻ അംഗങ്ങൾ ആരെല്ലാമാണ്. ;

(സി) ഈ കമ്മീഷനുകൾക്ക് ടേംസ് ഓഫ് റഫറൻസ് നൽകിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം ;

(ഡി) ഈ കമ്മീഷനുകൾ എന്തെല്ലാം കാര്യങ്ങളെപ്പറ്റിയാണ് റിപ്പോർട്ട് നൽകേണ്ടതെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ & ബി) ഉണ്ട്, അംഗങ്ങളുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly